ഹയർ സെക്കന്ററി വിദ്യാർത്ഥികളിൽ നിന്നും പിരിച്ചെടുക്കുന്ന സ്പെഷ്യൽ ഫീസ്

370 [2430] ശ്രീ. സി. ടി. അഹമ്മദ് അലി:
" സി. മോയിൻകുട്ടി:
" സി. മമ്മൂട്ടി:
" പി. കെ. കെ. ബാവ:
" പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിദ്യാർത്ഥികളിൽനിന്നും പിരിക്കുന്ന സ്പെഷ്യൽ ഫീസിന്റെ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) 1991 മുതൽ 2004 ജൂൺ വരെ ഈ ഇനത്തിൽ എത്ര രൂപ ട്രഷറിയിൽ അടച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ ഇതിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) വിനിയോഗിക്കാൻ ബാക്കിയുള്ള തുക പുതുതായി അനുവദിച്ച സർക്കാർ പ്ലസ്ടു സ്കൂളുകളുടെ പ്രാഥമിക ചെലവുകൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹയർ സെക്കന്ററി വിദ്യാർത്ഥികളിൽ നിന്നും പിരിക്കുന്ന സ്പെഷ്യൽ ഫീസിന്റെ നിരക്ക് താഴെപ്പറയും വിധമാണ്:

അപേക്ഷാ ഫീസ്	..	5 രൂപ
അഡ്മിഷൻ ഫീസ്	..	25 "
ലൈബ്രറി ഫീസ്	..	10 "
കലണ്ടർ ഫീസ്	..	5 "
മെഡിക്കൽ പരിശോധന ഫീസ്	..	5 "
ലബോറട്ടറി ഫീസ് (ഓരോ സയൻസ് വിഷയങ്ങൾക്കും)	..	25 "
ഓഡിയോ വിഷ്വൽ	..	10 "
സ്പോർട്സ് ആന്റ് ഗെയിംസ്	..	25 "
സ്റ്റേഷനറി	..	10 "
അസോസിയേഷൻ ഫീസ്	..	10 "
യൂത്ത് ഫെസ്റ്റിവൽ	..	20 "
മാഗസിൻ ഫീസ്	..	10 "

LIBRARY ARCHIVES Kerala Legislative Assembly

ഇവ കൂടാതെ സയൻസ് വിദ്യാർത്ഥികളിൽ നിന്നും 50 രൂപയും മറ്റ് വിദ്യാർത്ഥികളിൽ നിന്ന് 30 രൂപയും കോഷൻ മണിയായി വാങ്ങാറുണ്ട്.

(ബി) ഈ ഇനത്തിലെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

(സി ആന്റ് ഡി) സർക്കാരിന്റെ ജനറൽ ഫണ്ടിലേക്ക് അടച്ച തുക ഡിപ്പാർട്ടുമെന്റിന് ചിലവാക്കാൻ കഴിയുകയില്ല. ആയതിനാൽ കണക്ക് ലഭ്യമല്ല.

എയിഡഡ് ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പി.എഫ്. അക്കൗണ്ട് ആരംഭിക്കാൻ നടപടി

371 [2431] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ആരംഭിക്കാത്തതു കാരണം ടി വിഭാഗം അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക, ഇൻക്രിമെന്റ് കുടിശ്ശിക, ക്ഷാമബത്താ കുടിശ്ശിക എന്നിവ പി.എഫ്. അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ കഴിയുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വിഭാഗത്തിന് പി.എഫ്. അക്കൗണ്ട് ആരംഭിക്കുന്നതിനും ഇതുവരെയുള്ള കുടിശ്ശിക തുകകൾ പി.എഫ്.-ൽ ലയിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഇ) ഇതു സംബന്ധിച്ച ഉത്തരവ് എന്നേക്ക് പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഇ) സംസ്ഥാനത്തെ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്കും ജീവനക്കാർക്കും ഉള്ള പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ജൂലൈ മാസത്തെ ശമ്പളത്തിൽ നിന്നു തന്നെ പി.എഫ്. തുക പിടിച്ചു തുടങ്ങുന്ന വിധത്തിൽ എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly